# 48. ഗുരു ഗോപിനാഥ്

പ്രായത്തിന്റെയും പ്രശസ്തിയുടെയും പൂർണതയിൽ സംഭവിച്ചതെങ്കിലും, ഗുരു ഗോപിനാഥിന്റെ ആകസ്മികനിര്യാണം കേരളത്തിന്റെ സമകാല–കലാവേദിയിൽ നികത്താനാവാത്ത ഒരു ശൂന്യത സൃഷ്ടിച്ചിരിക്കുന്നു. രാമായണം നൃത്തനാടകത്തിൽ ദശരഥനായി അഭിനയിക്കുന്നതിനിടയ്ക്കാണ് 1987 ഒക്ടോബർ 9–ാം തീയതി എറണാകുളത്തുവെച്ച്, ഹൃദ്രോഗബാധയാൽ അദ്ദേഹം അന്തരിച്ചത്. രംഗത്ത് കലാത്മകമായി പല തവണ താൻ അവതരിപ്പിച്ചിട്ടുള്ള ദശരഥന്റെ മരണത്തിനു പകരം അണിയറയിൽ സ്വാഭാവികമായി തന്റെതന്നെ മരണം പ്രദർശിപ്പിക്കുവാൻ നിയതി നിർദേശിച്ചപ്പോൾ, അലംഘനീയമായ ആ ആജ്ഞ ഒരു മുറുമുറുപ്പുമില്ലാതെ അദ്ദേഹം അനുസരിച്ചു. അരനൂററാണ്ടിലേറെക്കാലം അസാധാരണമായ ഉജ്ജ്വലതയോടെ കത്തിനിന്ന ഒരു കളിവിളക്ക് അങ്ങനെ പൊലിഞ്ഞുപോയി.

പ്രതിഭയെക്കാളേറെ സ്ഥിരപ്രയത്നത്തിന്റെയും, സാഹചര്യങ്ങളുടെ ആനുകൂല്യത്തെക്കാളേറെ സ്വഭാവമഹിമയുടെയും വിജയത്തെ ഉദാഹരിക്കുന്നതായിരുന്നു ഗുരു ഗോപിനാഥിന്റെ കലാജീവിതം. പ്രസിദ്ധ കഥകളിനടനായ ശ്രീ ചമ്പക്കുളം പാച്ചുപിള്ളയുടെ അനുജനായി അദ്ദേഹം ഒരു ദരിദ്രകുടുംബത്തിൽ എഴുപത്തൊമ്പതു വർഷംമുമ്പു പിറന്നു. സാമ്പത്തികസ്ഥിതി അനുകൂലമല്ലാതിരുന്നതിനാൽ, മലയാളം അഞ്ചാം ക്ലാസ്സുവരെയുള്ള ഔപചാരികവിദ്യാഭ്യാസമേ ഗോപിനാഥിനു ലഭിച്ചുള്ളൂ. കുടുംബത്തിലെ കഥകളിപാരമ്പര്യം അദ്ദേഹത്തെ പതിമ്മൂന്നാം വയസ്സിൽ ആട്ടക്കളരിയിലെത്തിച്ചു. 'ഒതളമുട്ടൻ' (ഒതളമരത്തിന്റെ തടികൊണ്ടുണ്ടാക്കിയ കിരീടം) ചുമന്ന് ജീവിതം അവസാനിപ്പിക്കേണ്ടിവരുമെന്ന ഖേദം അക്കാലത്ത് തന്നെ അലട്ടിയിരുന്നതായി അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. മഹാകവി വള്ളത്തോൾ കലാമണ്ഡലം ആരംഭിച്ചപ്പോൾ, അതിലെ ആദ്യകാല വിദ്യാർഥികളിലൊരാളാവാൻ കഴിഞ്ഞത് ഗോപിനാഥിന്റെ ഭാഗ്യമായിരുന്നു. ഉദയശങ്കറിന്റെ സഹനർത്തകനെന്ന നിലയിൽ ലോകപ്രസിദ്ധി നേടിയ മാധവൻ, ശാന്തിനികേതനത്തിലെ നൃത്താധ്യാപകനായിത്തീർന്ന കേളു, കേരളത്തിലെ കഥകളിയരങ്ങുകളിൽ അപ്രതിമനായി ഇപ്പോഴും പ്രകാശിക്കുന്ന കൃഷ്ണൻനായർ തുടങ്ങിയ അന്നത്തെ സതീർഥ്യരുടെ കൂട്ടത്തിൽ, താരതമ്യേന പിന്നണിയിൽ ഒരു സ്ഥാനമേ അന്ന് ഗോപിനാഥിന് ഉണ്ടായിരുന്നുള്ളൂ. 'രാഗിണീദേവി' എന്ന പേരിൽ ഇന്ത്യയിൽ പ്രസിദ്ധിനേടിയ പാശ്ചാത്യ നർത്തകിക്ക് ഒരു സഹനർത്തകന്റെ ആവശ്യമുണ്ടായപ്പോൾ ഗോപിനാഥ് തിരഞ്ഞെടുക്കപ്പെട്ടത്, മററാരെയും ഒഴിച്ചുവിടുവാൻ കലാമണ്ഡലം അധികൃതർ സന്നദ്ധരല്ലാതിരുന്നതുകൊണ്ടായിരുന്നു എന്ന്, അന്ന് ഗോപിനാഥിന്റെ അധ്യാപകനായിരുന്ന ഗുരു കുഞ്ചുക്കുറുപ്പ് എന്നോടു പറഞ്ഞിട്ടുണ്ട്. പക്ഷേ, ഗോപിനാഥിന്റെ സുശിക്ഷിതമായ നടനപാടവം യൂറോപ്പിലെ അരങ്ങുകളിൽ രാഗിണീദേവിയുടെ പ്രകടനങ്ങളെ സാമ്പത്തികമായും പ്രചാരണപരമായും വിജയത്തിലെത്തിച്ചു. രാഗിണീദേവിയുടെ സംഘാടനാപാടവവും, അധ്വാനശേഷിയും, യൂറോപ്യൻ രംഗവേദിയിലെ ആധുനികസമ്പ്രദായങ്ങളും മററും ഗോപിനാഥ് തിരിച്ചും ഉൾക്കൊള്ളുകയുംചെയ്തു.

മുഴുസമയ–കഥകളി പ്രദർശനങ്ങളിൽനിന്ന് അടർത്തിയെടുത്ത

ഒററപ്പെട്ട രംഗങ്ങളും നൃത്തരൂപങ്ങളും കഥകളി പാരമ്പര്യമില്ലാത്ത പ്രേക്ഷകർക്ക് ആകർഷകമാംവിധം അവതരിപ്പിക്കേണ്ടതെങ്ങനെയെന്ന്, രാഗിണീദേവിയുമായുള്ള കൂട്ടുകെട്ടിൽനിന്ന് ഗോപിനാഥ് പഠിച്ചു. പാശ്ചാത്യപര്യടനം കഴിഞ്ഞു തിരിച്ചെത്തിയ അദ്ദേഹം, സാധാരണഗതിയിൽ പ്രതീക്ഷിക്കാവുന്നതുപോലെ കഥകളിരംഗത്തേക്കു മടങ്ങിപ്പോയി അവിടെ ഒരു രണ്ടാംകിട നടനായിത്തീരുകയല്ല ഉണ്ടായത്. പത്നിയായ തങ്കമണിയോടൊപ്പം ഗോപിനാഥ് തൻെറതായ നർത്തകസംഘം രൂപവൽക്കരിച്ചു. കലാമർമ്മജ്ഞനായിരുന്ന സി. പി. രാമസ്വാമി അയ്യർ 'കൊട്ടാരം നടൻ' എന്ന നിലയിൽ നൽകിയ അംഗീകാരം അദ്ദേഹത്തിനു കേരളത്തിൽ പ്രസിദ്ധിയും ഒട്ടൊക്കെ സാമ്പത്തികഭദ്രതയും കൈവരുത്തി. പാശ്ചാത്യനൃത്തങ്ങൾ കാണാൻ അവസരമോ, കഥകളി ആസ്വദിക്കാൻ വേണ്ട പഠിപ്പോ ഇല്ലാതിരുന്ന ലക്ഷക്കണക്കിനു ജനങ്ങളെ നൃത്തകലയുടെ അനുപമസൗന്ദര്യത്തിലേക്ക് ഉപനയിക്കാൻ അക്കാലത്തു് ഗോപിനാഥ്—തങ്കമണി—ദമ്പതിമാർക്കു് കഴിഞ്ഞു. തുടർന്ന് തിരുവനന്തപുരത്തും മദ്രാസിലും താൻ സ്ഥാപിച്ച വിദ്യാലയങ്ങളിൽ, പ്രശസ്തരും അപ്രശസ്തരുമായ ഒട്ടു വളരെ യുവതീയുവാക്കൾക്ക് ചിട്ടയോടെ നൃത്തപരിശീലനം ഗോപിനാഥ് നൽകി. അങ്ങനെയാണ് 'ചമ്പക്കുളം ഗോപിനാഥപിള്ള' എന്ന് അറിയപ്പെടുന്നതിനു പകരം അദ്ദേഹം 'ഗുരു ഗോപിനാഥ്' എന്ന പേരിൽ പ്രസിദ്ധനായതു്.

പ്രദർശനത്തിൽ പുതുമകൾ വരുത്താൻ ഗുരു ഗോപിനാഥ് എന്നും സന്നദ്ധനായിരുന്നു. കഥകളിയിൽനിന്നു വ്യത്യസ്തമായി 'ഭാരതീയ നൃത്തങ്ങൾ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ലഘു—ക്ലാസിക്—നൃത്തരൂപങ്ങൾ ആവിഷ്കരിച്ചതിൻെറ ഖ്യാതി ആർക്കായാലും, ഇത്തരം നൃത്തരൂപങ്ങൾക്ക് ഇന്ത്യയിൽ പ്രചാരം നൽകുന്നതിൽ ഗോപിനാഥ് നിർവ്വഹിച്ച സേവനം കലാചരിത്രത്തിൽ എന്നും രേഖപ്പെട്ടുകിടക്കും. നൃത്യപ്രദർശനത്തിൻെറ വിഷയം, ആവിഷ്കരണരീതി, ചമയം, സംഗീതം, വെളിച്ചം—അങ്ങനെ പല അംശങ്ങളിലും കാല—ദേശോചിതങ്ങളായ പരിഷ്കാരങ്ങൾ വരുത്തുന്നതിൽ അദ്ദേഹം വിമുഖനായിരുന്നില്ല. എങ്കിലും, ചില അംശങ്ങളിൽ ആരോഗ്യകരമായ യാഥാസ്ഥിതികത പുലർത്താനും ഗുരു ഗോപിനാഥിനു കഴിഞ്ഞു. നൃത്തംചെയ്യുമ്പോൾ താളം തെററരുതെന്നും, പാട്ടു പാടുമ്പോൾ അപശ്രുതി വരരുതെന്നും അദ്ദേഹത്തിനു നിർബന്ധമായിരുന്നു. തൻെറ കളരികളിൽ കർശനമായ അച്ചടക്കം നിലനിർത്തുന്ന കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും അദ്ദേഹം തയ്യാറായില്ല. സംസ്കാരത്തിൻെറ പല തലങ്ങളിൽ നില്ക്കുന്ന യുവതീയുവാക്കൾ ഒത്തു പ്രവർത്തിക്കുന്ന കളരികളുടെ സൽപ്പേരിന്, ഏറെക്കുറെ ക്രൂരമെന്നുതന്നെ പറയാവുന്ന അച്ചടക്കംകൂടിയേ കഴിയൂ എന്ന് അദ്ദേഹം കരുതി. ദീർഘമായിരുന്ന തൻെറ ആചാര്യജീവിതം സാമ്പത്തികമായും മററു വിധത്തിലും വലിയ വിജയമായിരുന്നതിൻെറ മുഖ്യ കാരണം അച്ചടക്കനിഷ്ഠയാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.

ഗുരു ഗോപിനാഥ് ആസൂത്രണംചെയ്ത് ആവിഷ്കരിച്ചവയും, അദ്ദേഹം അഭിനയിച്ചവയുമായ പല കലാപ്രകടനങ്ങളും ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ, ഒരു കലാകാരനെന്ന നിലയിൽ അദ്ദേഹത്തെപ്പററി ചിന്തിക്കുമ്പോൾ, ഏതാണ്ട് അമ്പതു വർഷം മുമ്പ്, വൈക്കം മതിൽക്കെട്ടിനകത്തെ ജനപ്രളയത്തിനു നടുവിൽ അദ്ദേഹവും പത്നി തങ്കമണിയും ചേർന്ന് അവതരിപ്പിച്ച ഒരു ലഘു—ക്ലാസിക്—നൃത്തപരമ്പരയിലെ ഭസ്മാസുരമോഹിനി—രംഗമാണ് എൻെറ മനസ്സിൽ ആദ്യമായി ഉയിർത്തുവരുന്നതു്. ചടുലമായ സംഗീതം, ഉജ്ജ്വലങ്ങളായ ദീപങ്ങൾ,

തിളക്കമാർന്ന വിഷവിധാനങ്ങൾ എന്നിവ സൃഷ്ടിച്ച പശ്ചാത്തലത്തിൽ, കഥകളിയിലെ ചില താണ്ഡവങ്ങളും മോഹിനിയാട്ടത്തിലെ ചില ലാസ്യങ്ങളും അതിമനോഹരമായി അന്ന് അവിടെ പ്രദർശിപ്പിക്കപ്പെട്ടിരുന്നു. മനുഷ്യശരീരം ഒരു മികച്ച കലാമാധ്യമമാണെന്നും, അതിന്റെ ചിട്ടപ്പെടുത്തിയ ചലനങ്ങൾക്ക്, അർത്ഥനിരപേക്ഷമായിത്തന്നെ, അനിർവചനീയങ്ങളായ സൗന്ദര്യാനുഭൂതികൾ ഉണർത്താൻ കഴിവുണ്ടെന്നും എനിക്കു ബോദ്ധ്യംവന്നത് അന്നായിരുന്നു.

കഥകളിയെന്ന കലത്തറവാട്ടിലേക്ക് തിരിച്ചു പോയില്ലെങ്കിലും, അതിന്റെ ശോച്യാവസ്ഥയിൽ ഗുരുഗോപിനാഥിന് എന്നും ഖേദമുണ്ടായിരുന്നു. ആവശ്യത്തിനനുസരിച്ച് ലഘുനൃത്ത രൂപങ്ങളാകുന്ന ചാലുകളിലൂടെ, തിരിച്ചുവിട്ട് ബഹുജനകേദാരങ്ങളിലേക്കു ശുദ്ധകലയുടെ തെളിനീർ എത്തിക്കണമെങ്കിൽ, കഥകളിയെന്ന തലച്ചിറ എന്നും നിറഞ്ഞുതന്നെ കിടക്കണമെന്ന വസ്തുത അദ്ദേഹത്തിന് അറിയാമായിരുന്നു.

പല നിലകളിൽ സ്മരണീയനായിരുന്ന ഈ ആചാര്യന് ഒരു വിദൂര സുഹൃത്തിന്റെ അന്ത്യപ്രണാമങ്ങൾ!

(12 ഒക്ടോബർ, 1987)

# 49. പരീക്ഷിത്ത് തമ്പുരാൻ

കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ, ആയിരത്താണ്ടിലേറെ നീണ്ടുനിന്ന കൊച്ചി എന്ന നാട്ടുരാജ്യത്തിലെ അവസാനത്തെ മഹാരാജാവ് എന്ന നിലയിൽ ഹ്രസ്വമായ ഒരു പരാമർശത്തിനേ മഹാമഹിമശ്രീ രാമവർമ്മ പരീക്ഷിത്ത് കുഞ്ഞുണ്ണിത്തമ്പുരാൻ വിഷയമായുള്ളൂ എന്നുവരാം. എന്നാൽ, തിരു—കൊച്ചി സംയോജന പ്രമാണത്തിൽ ഒപ്പുവെച്ചുകൊണ്ട്, കൊച്ചി രാജകുടുംബത്തിന്റെ ഭരണാധികാരം എന്നന്നേക്കുമായി കൈവെടിയുന്നതിന്റെ തലേന്ന്, 1949 ജൂൺ 30—ാം തീയതി, തന്റെ പ്രജകൾക്ക് ഈ മഹാരാജാവു നൽകിയ വിടവാങ്ങൽസന്ദേശം സ്വതന്ത്രഭാരതത്തിന്റെ ചരിത്രത്തിൽ പൂർണമായ ഉദ്ധാരണം അർഹിക്കുന്നുണ്ട്. ജനഹിതം മാനിക്കുന്നതിനും യുഗചേതനയുമായി പൊരുത്തപ്പെട്ടുപോകുന്നതിനും ഇന്ത്യയിലെ മഹാരാജാക്കന്മാരിൽ മററാരും പ്രദർശിപ്പിക്കാതിരുന്ന ഉളുപ്പ് പരീക്ഷിത്ത് തമ്പുരാന്റെ ഈ സന്ദേശത്തിൽ, ശുദ്ധജല തടാകത്തിൽ നീലാകാശംപോലെ, നിഴലിച്ചു കാണുന്നു. ഈ സന്ദേശത്തിൽ നിന്ന് ഏതാനും വാക്യങ്ങൾ ഉദ്ധരിക്കാം:

'നമുക്ക് എല്ലാവർക്കും അറിയുന്നതുപോലെ, കാലം മുന്നോട്ടു പോയതോടുകൂടി, പ്രത്യേകിച്ചും കഴിഞ്ഞ ചുരുക്കം ചില കൊല്ലങ്ങൾക്കിടയിൽ, മനുഷ്യസമുദായത്തിന്റെ ആശയങ്ങൾക്കും ആദർശങ്ങൾക്കും പൊതുവിൽ ഒരു മാററമുണ്ടായിട്ടുണ്ട്. സ്വാതന്ത്ര്യദാഹവും ഉത്തരവാദഭരണത്തിനുള്ള അഭിവാഞ്ഛയും ഇന്ത്യയിൽ മുഴുക്കെ ഉച്ചകോടിയിലെത്തിച്ചേർന്നു. പൊതുജനപ്രതിനിധികളായ എന്റെ മന്ത്രിമാർ പ്രകടിപ്പിച്ച അഭിപ്രായത്തെ മാനിച്ചും, നാട്ടുരാജ്യവകുപ്പിന്റെ ഉപദേശമനുസരിച്ചും ഞാൻ, ഭരണാധികാരി എന്ന നിലയിൽ ഈശ്വരാനുഗ്രഹത്തെ മുൻനിർത്തിക്കൊണ്ട്, സംയോജനക്കരാറിൽ ഒപ്പുവെച്ചു. നാളെ ഭരണത്തലവനെന്ന പദവിയിൽനിന്നു ഞാൻ ഒഴിയുകയാണ്—കൊച്ചിയിലെ ജനങ്ങളുടെ കൂടുതൽ അഭ്യുദയത്തിനും ക്ഷേമത്തിനും ഈ നടപടി വഴി തെളിക്കുമെന്നാ